അക്രമത്തിനു പ്രേരിപ്പിക്കുന്ന പ്രസംഗം.

* 804. [79] ശ്രീ. പ. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "എന്റെ തൊഴിലാളികൾ ആരുടേയും അടിക്കൊണ്ട് ഇങ്ങു വരരുത്. നിങ്ങളെ തല്ലിയാൽ അവന്റെ നെഞ്ചിൽ കഠാരി കുത്തിയിറക്കണം" എന്നിവിധം പരസ്യമായി പുനലൂർ ചന്തമൈതാനത്തുവച്ച് ലേബർ കോൺഗ്രസ്സ് എന്ന സംഘടനയുടെ അഭിമുഖ്യത്തിൽ കൂടിയ ഒരു പൊതുയോഗത്തിൽ 1955 ജൂലൈ 19-ാംതീയതി ശ്രീ. സി. എ. സ്റ്റീഫൻ ബി. എ. ബി. എൽ. ചെയ്യ അക്രമത്തിന് ആഹ്വാനം നൽകുന്ന ഒരു പ്രസംഗം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ;

(ബി) പ്രസ്തുത പ്രസംഗത്തെപ്പറ്റി ദേശബന്ധു ദിനപത്രം 1955 ജൂലൈ 23-ാംതീയതി പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗം ഗവണ്മെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) സമാധാനഭഞ്ജകമായ് പ്രത്യേകിച്ചും അനവധി തൊഴിലാളികൾ പണിമുടക്കു നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലത്തും സന്ദർഭത്തിലും, ആരെങ്കിലും പ്രസംഗിച്ചതായി ഗവണ്മെൻറിന് അറിവു കിട്ടിയാൽ സാധാരണ കൈക്കൊള്ളാറുള്ള നടപടി എന്തെങ്കിലും പ്രസ്തുത പ്രാസംഗികന്റെ പേരിൽ എടുത്തിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) ഇല്ല.

ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി ചെലവായ തുക.

* 805. [80] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 ഏപ്രിൽ 1-ാംതീയതി മുതൽ ആഗസ്റ്റ് 31-ാംതീയതി വരെ ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പിന്നോക്കസമുദായഡിപ്പാർട്ട്മെൻറുമുഖേന എന്തു തുക ചെലവു ചെയ്തിട്ടുണ്ട്;

(ബി) ഈ തുകയിൽ വാനിന്റെ പെട്രോൾ ചെലവെന്തു; വാനിൽ മീറ്റർ വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മൈൽ ഓടിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 26,934 രൂപ ചെലവായിട്ടുണ്ട്.

(ബി) രണ്ടു വാനുകൾക്കു പെട്രോൾ, എൻജിൻ ഓയിൽ, ബ്രേക്കു ഓയിൽ, ഡിസ്റ്റിൽഡ് വാട്ടർ, എന്നിവകകളിൽ 2368 രൂപ 8 അണ ചെലവായിട്ടുണ്ട്. രണ്ടു വാനുകളിലും മീറ്റർ വച്ചിട്ടുണ്ട്. സ്റ്റാൻഡിബൈക്കർവാൻ 7395 മൈൽ ദൂരവും ആസ്റ്റിൻമൊബയിൽവാൻ 9684 മൈൽ ദൂരവും ഓടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly